# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ഓട്ടോറിക്ഷ/ഐറിസ് ആട്ടോ ടാക്സി പാർക്കിംഗുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനെതിരെ സർവ്വശ്രീ. രവീന്ദ്രൻ നായരും രാധാകൃഷ്ണൻനായരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ WP(C) 27657/13(F) നമ്പരായി ഫയൽ ചെയ്ത കേസിലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം.1584/2014/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,23/06/2014.**

---

പരാമർശം:- 1) സർവ്വശ്രീ. രവീന്ദ്രൻ നായരും രാധാകൃഷ്ണൻനായരും ചേർന്ന് 19/09/2013 ൽ നൽകിയ നിവേദനം.

2) സർവ്വശ്രീ.രവീന്ദ്രൻ നായരും രാധാകൃഷ്ണൻനായരും ചേർന്ന് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 27657/13(F) കേസിൻമേലുള്ള 12/11/2013 ലെ വിധിന്യായം.

## ഉത്തരവ്

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ തെക്കേത്തുകവല ബസ് സ്റ്റോപ്പിന് സമീപമുള്ള ഓട്ടോറിക്ഷ/ ഐറിസ് ഓട്ടോ ടാക്സി പാർക്കിംഗുമായി ബന്ധപ്പെട്ട് 15/02/2013 ൽ ചിറക്കടവ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി എടുത്ത VIII -ാം നമ്പർ തീരുമാനം റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. രവീന്ദ്രൻ നായരും രാധാകൃഷ്ണൻ നായരും ചേർന്ന് ബഹു ഹൈക്കോടതിയിൽ പരാമർശ പ്രകാരം ഒരു അന്യായം ഫയൽ ചെയ്യുകയും ആയതിൻമേൽ 12/11/2013 ലെ വിധിന്യായ പ്രകാരം പരാതിക്കാരെയും ബന്ധപ്പെട്ട എതിർകക്ഷികളെയും നേരിൽ കേൾക്കാൻ അവസരം നൽകി ഇക്കാര്യത്തിൽ വിധിന്യായം ലഭിച്ച് മൂന്നുമാസത്തിനകം തീർപ്പാക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

ബഹു. ഹൈക്കോടതിയുടെ 12/11/2013 ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെയും എതിർകക്ഷികളായ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി, തെക്കേത്തുകവല ഐറിസ് ഓട്ടോ കാറുകളുടെ പ്രതിനിധികളെയും സർക്കാർ നേരിൽ കേട്ടു. അതിന്റെ ഭാഗമായി ഇക്കാര്യം രമ്യമായി പരിഹരിക്കുന്നതിന് പൊൻകുന്നം പോലീസ് സർക്കിൾ ഇൻസ്പെക്ടർ, കാഞ്ഞിരപ്പള്ളി സബ് ആർ.ടി.ഒ ഓഫീസിലെ ജോയിന്റ് ആർ.റ്റി.ഒ, ഇൻസ്പെക്ടർമാർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരും ആട്ടോ/ ഐറിസ് ആട്ടോ ടാക്സി പ്രതിനിധികളുമായി ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽ വച്ച് വിശദമായ ചർച്ച നടത്തുകയും പാർക്കിംഗ് സ്ഥലം നേരിട്ട് സന്ദർശിക്കുകയും ചെയ്തു. ചർച്ചയുടേയും സ്ഥലം

സന്ദർശിച്ചതിന്റെയും അടിസ്ഥാനത്തിൽ ഇപ്പോൾ ഐറിസ് ആട്ടോ ടാക്സികളും ഓട്ടോ റിക്ഷകളും ആർക്കും ശല്യമല്ലാത്ത രീതിയിൽ പാർക്ക് ചെയ്തിരിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞു. കൂടാതെ മോട്ടോർ വാഹന നിയമത്തിൽ ആട്ടോ റിക്ഷകളും ഐറിസ് ഓട്ടോ ടാക്സി എന്നതും രണ്ടും രണ്ട് class vehicle ആയി വേർതിരിച്ചാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും അതുകൊണ്ട് തന്നെ നിയമപ്രകാരം ഈ രണ്ട് ടൈപ്പ് വാഹനങ്ങളും ഒരു സ്റ്റാൻഡിൽ പാർക്ക് ചെയ്യാൻ പാടില്ലെന്നും പ്രത്യേകം പ്രത്യേകം പാർക്കിംഗ് അനുവദിക്കണമെന്നും ഇക്കാര്യം ബഹു. ഹൈക്കോടതിയും നിഷ്കർഷിച്ചിട്ടുണ്ടെന്നും ജോയിന്റ് ആർ.ടി.ഒ അറിയിച്ചു. അതോടൊപ്പം ഇരുകൂട്ടരെയും ഒരിടത്ത് പാർക്കിംഗ് അനുവദിച്ചാൽ ഓട്ടോ/ ഐറിസ് ഓട്ടോ ടാക്സി തൊഴിലാളികൾ തമ്മിൽ ക്രമസമാധാന പ്രശ്നങ്ങൾക്ക് ഇടയാകുമെന്നും സർക്കിൾ ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു.

മേൽ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമ പഞ്ചായത്തിൽപ്പെട്ട തെക്കേത്തുകവല ജംഗ്ഷനിലെ ഓട്ടോറിക്ഷ/ ഐറിസ് ഓട്ടോ ടാക്സി പാർക്കിംഗ് സംബന്ധിച്ച് ഇപ്പോൾ നിലവിൽ യാതൊരുവിധ ട്രാഫിക് പ്രശ്നങ്ങളും ഇല്ലായെന്ന് വിലയിരുത്തുകയും ആയതിനാൽ ഇപ്പോഴത്തെ നില അതേപടി തുടരാനും ആഭ്യന്തര വകുപ്പ് 24/09/2011 ൽ ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തലങ്ങളിൽ ട്രാഫിക് ക്രമീകരണ സമിതികൾ രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2861/2011/ആഭ്യന്തരം പ്രകാരം ഗ്രാമ പഞ്ചായത്ത്തല ട്രാഫിക് ക്രമീകരണ സമിതിക്ക് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിന് വിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. ഹൈക്കോടതിയുടെ 12/11/2012 ലെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ. അജിതകുമാരി**
**ഗവ. അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ. എറണാകുളം (ആമുഖകത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം.
ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും.
ശ്രീ.രവീന്ദ്രൻ നായർ. ദേവികാലയിൽ വീട്, തെക്കേത്തു കവല. കാഞ്ഞിരപ്പള്ളി, കോട്ടയം.
ശ്രീ.രാധാകൃഷ്ണൻ നായർ. ഇളംപുരയിടത്തിൽ ഹൗസ്,തെക്കേത്തു കവല. ചിറക്കടവ് കാഞ്ഞിരപ്പള്ളി. കോട്ടയം
സെക്രട്ടറി/ പ്രസിഡന്റ് ചിറക്കടവ് ഗ്രാമ പഞ്ചായത്ത്, കോട്ടയം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

Sub

സെക്ഷൻ ഓഫീസർ